ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ, വള്ളിക്കുന്നം, താമരക്കുളം പഞ്ചായത്തുകളിൽപ്പെട്ട റേഷൻ റീട്ടെയിൽ വ്യാപാരികളിൽ നിന്ന് ഒരു നിവേദനം ലഭിച്ചിരുന്നു.

(ബി) കേന്ദ്ര പെട്രോളിയവും പ്രകൃതി വാതകവും മന്ത്രാലയത്തിന്റെ അനുമതിയോടെ ബന്ധപ്പെട്ട പൊതുമേഖലാ ഓയിൽ കമ്പനികളാണ് പൊതുവിതരണത്തിന് അനുവദിക്കുന്ന മണ്ണെണ്ണ (നീല മണ്ണെണ്ണ) വിതരണത്തിനുള്ള ഡിപ്പോകൾക്ക് ഡീലർഷിപ്പ് അനുവദിക്കുന്നത്. ഡീലർഷിപ്പ് ലഭിക്കുന്നപക്ഷം വ്യാപാരത്തിനുള്ള ലൈസൻസ് ബന്ധപ്പെട്ട ജില്ലാ കളക്ടർ നൽകുകയും അതുപ്രകാരം മണ്ണെണ്ണ അലോട്ട്മെന്റ് നൽകുകയുമാണ് സിവിൽ സപ്ലൈസ് വകുപ്പ് ചെയ്യുന്നത്. ആയതിനാൽ ഡീലർഷിപ്പിനായി ബന്ധപ്പെട്ട ഓയിൽ കമ്പനിയെ സമീപിക്കാവുന്നതാണെന്ന് നിവേദകരെ അറിയിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

68 [2057] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചവയും ഇപ്പോൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നവയും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയും എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരിൽ നിന്നും കൂടുതൽ പാവപ്പെട്ട ആളുകളെ കണ്ടെത്തി അവർക്ക് പ്രതിമാസം 35 കിലോ അരി കിലോയ്ക്ക് 3 രൂപ നിരക്കിൽ നൽകുന്നു. ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ ഇപ്പോൾ 24,561 ഗുണഭോക്താക്കളുണ്ട്.

ഇടുക്കി ജില്ലയിൽ ഭക്ഷ്യവകുപ്പ് നടത്തിവരുന്ന മറ്റൊരു പദ്ധതിയായ അന്നപൂർണ്ണ പദ്ധതിയുടെ കീഴിൽ 65 വയസിനുമേൽ പ്രായമുള്ള പാവപ്പെട്ട ആളുകൾക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകി വരുന്നു. ഈ പദ്ധതിയിൻകീഴിൽ ഇടുക്കി ജില്ലയിൽ ഇപ്പോൾ 1,650 ഗുണഭോക്താക്കളുണ്ട്.

ന്യായവില കടകൾ വഴി റേഷൻ കാർഡുടമകൾക്ക് അവശ്യ സാധനങ്ങൾ എത്തിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ശബരി സ്റ്റോർ എന്ന പേരിൽ റേഷൻ കടകളെ തെരഞ്ഞെടുത്ത് പ്രവർത്തിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിൽ ഇപ്രകാരം 76 ശബരി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ കുട്ടിക്കാനം, വണ്ടിപ്പെരിയാർ എന്നീ സ്ഥലങ്ങളിൽ രണ്ട് റേഷൻ മൊത്ത വ്യാപാര ഡിപ്പോകളും അനുവദിച്ചിട്ടുണ്ട്. ആദിവാസി മേഖലകളും ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കാർഡുടമകളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി ഈ ജില്ലയിൽ 7 പുതിയ റേഷൻകടകളും കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ അന്ത്യോദയ അന്നയോജന പദ്ധതിയുടെ മൂന്നാംഘട്ട വിപുലീകരണത്തിനുള്ള പദ്ധതികളും ആരംഭിച്ചുവരുന്നു. അന്നപൂർണ്ണ പദ്ധതി ഒരു തുടർ പദ്ധതിയാണ്.

ഇടുക്കി ജില്ലയിലെ നാല് താലൂക്കുകളേയും സേവനദായക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ജില്ലയിലെ എല്ലാ താലൂക്ക് സപ്ലൈ ആഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(സി) സർക്കാർ തലത്തിൽ നിന്നുള്ള പൊതുവായ നിർദ്ദേശങ്ങൾ അനുസരിച്ചാണ് സിവിൽ സപ്ലൈസ് വകുപ്പും കോർപ്പറേഷനും പ്രസ്തുത പദ്ധതികളും നടപ്പിലാക്കുന്നത്.

പഞ്ചസ് ആൻഡ് സ്പൈസസ് ഇനങ്ങൾക്ക് സബ്സിഡി

69 [2058] ശ്രീ. ടി. എം. ജേക്കബ്:

,, . ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഒക്ടോബർ 1 മുതൽ 2005 ജൂൺ 30 വരെയുള്ള കാലയളവിൽ പഞ്ചസ് ആൻഡ് സ്പൈസസ് ഇനങ്ങൾക്ക് സബ്സിഡിയായി എത്ര രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട് എന്നും ഏതൊക്കെ ഇനങ്ങൾക്ക് എത്ര രൂപ വീതമാണെന്നും ഏതൊക്കെ മാസങ്ങളിൽ എത്ര രൂപ വീതമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) 2004 ഒക്ടോബർ 1-ന് മുൻപുള്ള 9 മാസങ്ങളിൽ പഞ്ചസ് ആൻഡ് സ്പൈസസ് ഇനങ്ങൾക്ക് സബ്സിഡിയായി എത്ര രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിയിരുന്നു എന്നും ഏതൊക്കെ ഇനങ്ങൾക്ക് എത്ര രൂപ വീതം ഏതൊക്കെ മാസങ്ങളിലായിരുന്നുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2004 ഒക്ടോബർ മുതൽ 2005 ജൂൺ 30 വരെയുള്ള കാലഘട്ടം 2004-05, 2005-06, എന്നീ സാമ്പത്തിക വർഷങ്ങളിൽ പെടുന്നതും, ഈ സാമ്പത്തിക വർഷങ്ങളിലെ സാമ്പത്തിക കണക്കെടുപ്പ് പൂർത്തിയാകാത്തതുകൊണ്ട് അവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പഞ്ചസ് ആൻഡ് സ്പൈസസ് ഇനങ്ങൾക്ക് സബ്സിഡിയായി എത്ര രൂപ കോർപ്പറേഷൻ നൽകിയിട്ടുണ്ട് എന്നും ഏതൊക്കെ ഇനങ്ങൾക്ക് എത്ര രൂപ വീതമാണെന്നും ഏതൊക്കെ മാസങ്ങളിൽ എത്ര രൂപ വീതമാണെന്നും കണക്ക് നൽകുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly